## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ -316 24.02.2016 ൽ മറുപടിക്ക്**

## ലീഗൽ സർവ്വീസസ് അഥോറിറ്റി വഴി അദാലത്തുകൾ

**ചോദ്യം**
ശ്രീ. എം.എ. വാഹീദ്
ശ്രീ. പി.സി. വിഷ്ണുനാഥ്
ശ്രീ. സി.പി. മുഹമ്മദ്
ശ്രീ. എം.പി. വിൻസെന്റ്

**ഉത്തരം**
ശ്രീ. ഉമ്മൻ ചാണ്ടി
(ബഹു. മുഖ്യമന്ത്രി)

| | | |
|---|---|---|
| (എ) | ലീഗൽ സർവ്വീസ് അഥോറിറ്റി വഴി അദാലത്തുകൾ നടത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; | എല്ലാ ജില്ലകളിലും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും എല്ലാ താലൂക്കുകളിലും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും ഹൈക്കോടതിയിലെ കേസുകൾക്ക് വേണ്ടി ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും സംസ്ഥാന അടിസ്ഥാനത്തിൽ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും രൂപവൽക്കരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ ആഴ്ച തോറും അദാലത്തുകൾ നടത്തിവരുന്നു. 2015 മുതൽ ദേശീയ ലോക് അദാലത്തിന് പുതിയ സ്കീം നിലവിൽ വരികയും അപ്രകാരം എല്ലാ മാസവും രണ്ടാം ശനിയാഴ്ചകളിൽ, നിർദ്ദിഷ്ട വിഷയങ്ങളിൽ ദേശീയ ലോക് ആദാലത്തുകൾ നടത്തിവരുന്നു. കൂടാതെ എല്ലാ വിഷയങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ഡിസംബർ മാസത്തിൽ ഒരു ദേശീയ ലോക് അദാലത്തും നടത്തിവരുന്നു. കൂടാതെ സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള മൊബൈൽ അദാലത്ത് വാഹനം വഴി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും അദാലത്തുകൾ സംഘടി |

| | | |
|---|---|---|
| | | പ്പിക്കുന്നുണ്ട്. ഇതിനുപരിയായി നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ തീരുമാന പ്രകാരം 12.12.2015 ൽ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടു കൂടി കേരളത്തിലും ദേശീയ ലോക് അദാലത്ത് വിജയകരമായി നടത്തുകയുണ്ടായി. കൂടാതെ തിരുവനന്തപുരം, കൊല്ലം. പത്തനംതിട്ട എന്നീ ജില്ലകൾക്കായി തിരുവനന്തപുരത്തും ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ ജില്ലകൾക്കായി എറണാകുളത്തും, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകൾക്കായി കോഴിക്കോടും പബ്ളിക് യൂട്ടിലിറ്റി സർവ്വീസ് കേസുകൾക്ക് വേണ്ടി സ്ഥിരം ലോക് അദാലത്തുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | കോടതികളിൽ നിലവിലുള്ളതും കോടതിയിൽ ഇതുവരെ ഫയൽ ചെയ്യാത്തതുമായ ഒത്തുതീർപ്പിലൂടെ പരിഹരിക്കാവുന്ന എല്ലാ തർക്കങ്ങൾക്കും അദാലത്തുകൾ വഴി നിയമ പിൻബലത്തോടോയുള്ള പരിഹാരം ഉണ്ടാക്കുക എന്നതാണ് അദാലത്തുകൾ വഴി കൈവരിക്കാനുദ്ദേശിക്കുന്നത്. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | അദാലത്തുകൾ സംഘടിപ്പിക്കുന്നത് കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയും അതിന്റെ കീഴിലുള്ള സ്ഥാപനങ്ങളുമാണ്. സർക്കാരിന്റെ വിവിധ വകുപ്പുകൾ അദാലത്തിന്റെ വിജയത്തിനായി സഹകരിച്ചു വരുന്നു. നിലവിലുള്ള അദാലത്തുകൾക്ക് പുറമെ നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ തീരുമാനപ്രകാരം 12.12.2015 ൽ കേരളത്തിലും ദേശീയ ലോക് അദാലത്ത് വിപുലമായ രീതിയിൽ സംഘടിപ്പിക്കുകയുണ്ടായി. ജില്ലാ ലീഗൽ സർവ്വീസസ് |

| | | |
|---|---|---|
| | | അതോറിറ്റികൾ, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികൾ എന്നിവയുമായി ബന്ധപ്പെട്ട് പ്രസ്തുത തീയതിയിൽ നടത്തിയ ദേശീയ അദാലത്തിന്റെ വിജയത്തിനായി എല്ലാ സേവനങ്ങളും സഹകരണങ്ങളും നൽകണമെന്ന് സംസ്ഥാനത്തെ എല്ലാ വകുപ്പുകൾക്കും ചീഫ് സെക്രട്ടറിയുടെ 3.12.2015 ലെ 26701/എച്ച്1/2015/നിയമം എന്ന സർക്കുലർ പ്രകാരം നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ സംസ്ഥാനത്തെ വിവിധ കോടതികളിൽ ഭൂമി എറ്റെടുക്കൽ കേസുകളിലെ വിധി നടത്തു ഹർജികൾ, 100 കോടി രൂപയിൽ അധികരിക്കാതെ അദാലത്തിൽ തീർപ്പാക്കുന്നതിന് അനുവാദവും നല്കുകയുണ്ടായി |

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ